(ബി) വാളയാറിലെ ചുണ്ണാമ്പ് കല്ലുപയോഗിച്ച് ഒരു സിമന്റ് ഫാക്ടറി സ്ഥാപിക്കാൻ അനുവാദം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് സഹകാര്യമേഖലയിലാണോ പൊതുമേഖലയിലാണോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഈ ഫാക്ടറിയുടെ ഉൽപ്പാദനശേഷി എന്താണ് ; എവിടെയാണ സ്ഥാപിക്കുക; എന്നത്തേക്ക് ഉൽപാദനം തുടങ്ങും?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ, ബി) പാലക്കാട് ഡിസ്ട്രിക്ടിൽ വാളയാർ പ്രദേശത്തെ ചുണ്ണാമ്പ കല്ലുനിക്ഷേപം ഉപയോഗിച്ച് ഒരു സിമന്റ് ഫാക്ടറി സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്. ഇതിനുവേണ്ടി കെ. എസ്. ഐ. ഡി. സി. ലെറ്റർ ഓഫ് ഇൻറൻറിനു അപേക്ഷിക്കുകയും ഈയ്യിടെ അതു ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പൊതുമേഖലയിലാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്.

(ഡി) ഫീസിബിലിറ്റി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഫാക്ടറിയുടെ ഉൽപ്പാദനശേഷി പ്രതിദിനം 1200 ടൺ എന്നാണ് കണക്കാക്കിയിട്ടുള്ളത്. എങ്കിലും ഉൽപ്പാദനശേഷി പ്രതിദിനം 2000-3000 ടണ്ണാക്കി ഉയർത്താൻ കഴിയുമോയെന്ന് ഗവൺമെൻറ് പരിശോധിച്ചുവരികയാണ്. പാലക്കാട് ജില്ലയിലെ അനുയോജ്യമായ ഏതെങ്കിലും സ്ഥലത്തായിരിക്കും ഫാക്ടറി സ്ഥാപിക്കുന്നത്. ഫാക്ടറി 1980-ൽ ഉൽപ്പാദനം തുടങ്ങുമെന്നു പ്രതീക്ഷിക്കുന്നു.

തടവുകാർക്ക് അലുമിനീയംപാത്രത്തിൽ ഭക്ഷണം കൊടുക്കുന്നതിനെതിരെ നടപടി

*42. [69] ശ്രീ. വി. എസ്. അച്യുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിസാപ്രകാരം തടങ്കലിൽ വച്ചിട്ടുള്ള സ്പെഷ്യൽ ക്ലാസ് തടവുകാർക്ക് ഭക്ഷണം നൽകുന്ന അലുമിനിയം പാത്രങ്ങളിൽ ചൂട് ഭക്ഷണപദാർത്ഥങ്ങൾ പതിവായി കഴിച്ചാൽ ലഡ്പോയിസൺപോലുള്ള ഒരുതരം വിഷാംശം ബാധിച്ച് വയറ്റിൽ വേദന ബാധിക്കാനിടയുണ്ടെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി കൈക്കൊള്ളുകയുണ്ടായി;

(സി) ഇന്നു തടവിൽ കഴിയുന്ന രാഷ്ട്രീയ തടവുകാരിൽ പലരും വയറ്റിൽ വേദന പിടിപെട്ട് വളരെയധികം ക്ലേശിച്ചുവരികയാണെന്ന കാര്യം പരിഗണിച്ച് പ്രസ്തുത പാത്രങ്ങൾ ഉടനടി മാറ്റി കളിമൺ പിഞ്ഞാണമോ വാഴയിലയോ നൽകാൻ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) മിസാ തടവുകാർക്ക് അലുമിനീയംപാത്രങ്ങളിൽ ഭക്ഷണം കഴിക്കുന്നതുകൊണ്ട് വയറ്റിൽ വേദന ബാധിക്കാനിടയുണ്ടെന്നേ കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോഴത്തെ സംവിധാനത്തിൽ ഒരു മാറ്റം വരുത്തേണ്ട സാഹചര്യമുള്ളതായി ഗവൺമെന്റു കരുതുന്നില്ല.

കേരളത്തിനകത്ത് ഉൽപാദിപ്പിക്കപ്പെടുന്ന വ്യവസായോൽപന്നങ്ങൾ

* 43 [70] ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന വ്യവസായോൽപ്പന്നങ്ങൾക്ക് പ്രയർ പ്രിഫറൻസ് കൊടുക്കുന്നതിന് സ്റ്റോറേഴ്സ് പർച്ചേഴ്സ് റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളും അർദ്ധ ഗവൺമെന്റ് സ്ഥാപനങ്ങളും എത്ര ശതമാനം വില കൂടുതൽ കൊടുത്തു കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങണമെന്നാണ് തീരുമാനം.

(സി) ഈ തീരുമാനം നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ടോ ഇല്ലെങ്കിൽ എന്നു മുതൽ നടപ്പാക്കും ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) കേരളത്തിലെ ചെറുകിട വ്യവസായോൽപ്പന്നങ്ങൾക്ക് പ്രൈസ് (പ്രയർ അല്ല) പ്രിഫറൻസ് കൊടുക്കുന്നതിനും സ്റ്റോറേഴ്സ് പർച്ചേഴ്സ് റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ ചെറുകിട വ്യവസായോൽപ്പന്നങ്ങൾക്ക് ഇതര സംസ്ഥാനങ്ങളിലെ ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളെക്കാൾ 15 ശതമാനം വിലക്കൂടുതൽ കൊടുക്കാമെന്നാണ് നിർദ്ദേശം.

(സി) ഈ തീരുമാനം നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്.

ജയിൽ വാർഡർമാരുടെ ഡ്യൂട്ടി സമയം

* 44. [71] ശ്രീ. എസ്. ദാമോദരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ ജയിൽ വാർഡർമാർ അവർക്ക് നിശ്ചയിച്ചിട്ടുള്ളതിൽ കൂടുതൽ സമയം സാധാരണയായി ഡ്യൂട്ടി നോക്കേണ്ടിവരുന്നുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്രമപ്രകാരം അവർക്ക് ലഭിക്കേണ്ട അവധി മിക്കവാറും ലഭിക്കുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് അടിയന്തിരമായി പരിശോധിച്ച് വേണ്ട സത്വരനടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഉണ്ട്.

(ബി) ഇല്ല. ചില പ്രത്യേക സാഹചര്യങ്ങളിൽ എല്ലാവർക്കും ഒരു പോലെ അവധി അനുവദിക്കാൻ സൗകര്യമായെന്നുവരില്ല. എന്നാൽ മിക്കവാറും അർഹമായ കാര്യത്തിൽ ജോലിക്ക് വീഴ്ചതട്ടാതെയും അപേക്ഷകരുടെ ആവശ്യം പരിഗണിച്ചും അവധി അനുവദിക്കാറുണ്ട്.

(സി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly